# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 20/17, വെള്ളിയാഴ്ച** **തീയ്യതി 19.05.2017**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 20.05.2017 | 21.05.2017 | 22.05.2017 | 23.05.2017 | 24.05.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 0 | 11 | 0 | 5 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 5 | 4 | 7 | 4 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 010 | 010 | 010 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| കുരുമുളക് | ദ്രുതവാട്ടം | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ സാധ്യതയുണ്ട്. ദ്രുതവാട്ടരോഗം വരാതിരിക്കാൻ ട്രൈക്കോഡെർമ അല്ലെങ്കിൽ സ്യൂഡോമോണാസ് എന്നീ കൾച്ചറുകൾ ഉപയോഗിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. |
| വാഴ | സിഗാടോക്ക | ഒന്നിടവിട്ട മഴയും വെയിലും മൂലം വാഴയിൽ സിഗാടോക്ക എന്ന കുമിൾ രോഗം വ്യാപകമാകുവാൻ സാധ്യതയുണ്ട്. ഈ രോഗത്തിൽ നിന്നും വാഴക്ക് സംരക്ഷണം നൽകാൻ 10 മുതൽ 20 ഗ്രാം വരെ സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിച്ചു കൊടുക്കുക. രോഗം ബാധിച്ച വാഴകൈയ്യുകൾ വെട്ടി കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്തതിനു ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | മൊസേക്ക്/ മഞ്ഞളിപ്പ് | പച്ചക്കറികളിൽ മുഞ്ഞ, വെള്ളീച്ച, തുള്ളൻ മുതലായ നീരൂററി കുടിക്കുന്ന പ്രാണികൾ മൂലമുള്ള മൊസേക്ക് രോഗവും മഞ്ഞളിപ്പും കാണാൻ സാധ്യതയുണ്ട്. വിളവെടുത്തതിനു ശേഷം 5 ഗ്രാം വെർട്ടിസില്ലിയം അല്ലെങ്കിൽ മെറ്റാറൈസിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. കൂടാതെ വേപ്പിൻ പിണ്ണാക്ക് വളമായി നൽകുകയോ, വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ ഒന്നിടവിട്ട് തളിക്കുകയോ ചെയ്യുക. പൂവിടുന്നതിനു മുമ്പ് മൊസേക്ക് രൂക്ഷമാവുകയാണെങ്കിൽ തയാമെതോക്സാൻ 0.2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കാവുന്നതണ്.<br>മഞ്ഞളിപ്പ് രൂക്ഷമാണെങ്കിൽ 3 മില്ലി നിംബിസിഡിൻ അല്ലെങ്കിൽ 1.5 മില്ലി ഡൈമിത്തോയേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് രോഗം പരത്തുന്ന ചെറുപ്രാണികളെ നശിപ്പിക്കാം. |

**ട്രൈക്കോഡെർമ കൾച്ചർ തയ്യാറാക്കുന്ന വിധം:** വേപ്പിൻപിണ്ണാക്കും ഉണക്കി പൊടിച്ച ചാണകവും 1:10 എന്ന അനുപാതത്തിൽ യോജിപ്പിച്ച 100 കി. ഗ്രാം മിശ്രിതത്തിന് 1 കി. ഗ്രാം ട്രൈക്കോഡെർമ കൾച്ചർ എന്ന തോതിൽ ചേർത്ത് യോജിപ്പിച്ചതിനു ശേഷം, വെള്ളം തളിച്ചു നനക്കുക. ഈ മിശ്രിതം പോളിത്തീൻ ഷീറ്റു കൊണ്ട് മൂടി 5 ദിവസം സൂക്ഷിച്ചതിനു ശേഷം വീും നന്നായി ഇളക്കി 3 ദിവസം കൂടി സൂക്ഷിച്ചതിനു ശേഷം ദ്രുതവാട്ടം തടയുന്നതിനായി മണ്ണിൽ ചേർക്കാം.